പിന്നോക്ക പട്ടണങ്ങൾക്കും ഗ്രാമവികസന ആനുകൂല്യങ്ങൾ

1069. [1577]: ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ പിന്നോക്കം നിൽക്കുന്ന പട്ടണപ്രദേശത്തുകൂടി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ ;

(ബി) അതിന് എന്തെങ്കിലും നിയമതടസ്സം ഇന്ന് ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു തീർക്കുന്നതിനുവേണ്ട സമ്മർദ്ദം കേന്ദ്രത്തിൽ നടത്താമോ ?

ഉത്തരം

(എ) ഇൻഡ്യാ ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് ഗ്രാമവികസനത്തിനുള്ള പദ്ധതികൾ നടപ്പാക്കുന്നത്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഇതിന്റെ ആനുകൂല്യം പിന്നോക്കം നിൽക്കുന്ന പട്ടണപ്രദേശത്തുകൂടി ലഭ്യമാക്കാൻ സാധിക്കുകയില്ല. അവ ഗ്രാമങ്ങൾക്ക് മാത്രമുള്ളവയാണ്.

(ബി) ഇൻഡ്യാ ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പട്ടണപ്രദേശങ്ങളെ ഉൾപ്പെടുത്തുന്നില്ല.

(സി) ഉദിക്കുന്നില്ല.

എൻ. ആർ. ഇ. പി., ആർ. എൻ. ഇ. ജി. പി. പ്രകാരം മാനന്തവാടി വികസന ബ്ലോക്കിൽ നിർമ്മിച്ച റോഡുകൾ

1070. [1578] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി./ആർ. എൻ. ഇ. ജി. പി. പദ്ധതി പ്രകാരം മാനന്തവാടി വികസന ബ്ലോക്കിൽ എത്ര റോഡുകൾ നിർമ്മിച്ചു ;

(ബി) നിർമ്മാണം പൂർത്തിയാകാത്ത എത്ര റോഡുകൾ ഉണ്ട് ;

(സി) നിർമ്മാണം പൂർത്തിയാകാത്ത റോഡുകളുടെ പണി എന്നേക്കു പൂർത്തിയാകും ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly